# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഫിലിപ്പീൻസ് സന്ദർശിച്ചു (മാർച്ച് 25-27, 2024)

മാർച്ച് 27, 2024

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 മാർച്ച് 25-27 തീയതികളിൽ ഫിലിപ്പീൻസിൽ ഔദ്യോഗിക സന്ദർശനം നടത്തി. ഫിലിപ്പീൻസ് പ്രസിഡന്റ് ശ്രീ. ഫെർഡിനാൻഡ് ആർ. മാർക്കോസ് ജൂനിയറുമായി കൂടിക്കാഴ്ച നടത്തിയ വിദേശകാര്യ മന്ത്രി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആശംസകൾ അദ്ദേഹത്തെ അറിയിച്ചു. ഉഭയകക്ഷി ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുന്നതിന് ഇന്ത്യ-ഫിലിപ്പീൻസ് പങ്കാളിത്തത്തിലും സംയുക്ത സംരഭങ്ങളിലും അടുത്തിടെയുണ്ടായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അദ്ദേഹം പ്രസിഡന്റ് മാർക്കോസിനെ ധരിപ്പിച്ചു.

2. ഫിലിപ്പീൻസ് വിദേശകാര്യ സെക്രട്ടറി ശ്രീ. എൻറിക്ക് എ. മനാലോയുമായും വിദേശകാര്യ മന്ത്രി കൂടുക്കാഴ്ച നടത്തി. 2023 ജൂണിൽ ന്യൂഡൽഹിയിൽ നടന്ന ഉഭയകക്ഷി സഹകരണം സംബന്ധിച്ച അഞ്ചാമത് സംയുക്ത കമ്മീഷൻ യോഗത്തിനു ശേഷം ഉഭയകക്ഷി സഹകരണത്തിൽ ഉണ്ടായ പുരോഗതി രണ്ട് മന്ത്രിമാരും വിലയിരുത്തുകയും രാഷ്ട്രീയ വിനിമയങ്ങൾ, വ്യാപാരവും നിക്ഷേപവും, പ്രതിരോധവും സമുദ്ര സുരക്ഷയും, വികസന പങ്കാളിത്തം, ആരോഗ്യ പരിചരണവും മരുന്നും, കൃഷിയും ഭക്ഷ്യ സുരക്ഷയും, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യം, നവ സാങ്കേതികവിദ്യങ്ങളിൽ സഹകരണം, ജനങ്ങൾ തമ്മിലുള്ള സമ്പർക്കം എന്നിവ ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം അവലോകനം ചെയ്യുകയും ചെയ്തു.  ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും ഇരുവരും ആരായുകയും ഇരുകൂട്ടർക്കും താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഉഭയകക്ഷി ബന്ധം സ്ഥാപിതമായതിന്റെ 75-ആം വാർഷികത്തോടനുബന്ധിച്ച് ആഘോഷ പരിപാടികൾ സംഘടിപ്പിക്കാനും ധാരണയായി.

3. ഫിലിപ്പീൻസ് നാഷണൽ ഡിഫൻസ് സെക്രട്ടറി ശ്രീ. ഗിൽബെർട്ട് ടിയോഡോറോയുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തി. പ്രതിരോധത്തിലും സമുദ്ര സുരക്ഷയിലും സഹകരണം വർദ്ധിപ്പിക്കുന്നതിനെ ഇരു നേതാക്കളും സ്വാഗതം ചെയ്തു. ശേഷി വർദ്ധിപ്പിക്കൽ, സംയുക്ത അഭ്യാസങ്ങൾ, വിവര കൈമാറ്റം, പ്രതിരോധ വ്യവസായ സഹകരണം എന്നിവയിലൂടെ ഉഭയകക്ഷി പ്രതിരോധ

ബന്ധങ്ങളിൽ നിലവിലുള്ള മുന്നേറ്റം വർദ്ധിപ്പിക്കുന്നതിനുള്ള ഗൗരവതരമായ ചർച്ചകളും നടക്കുകയുണ്ടായി.

4. ഫിലിപ്പീൻസ് സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥരും ഫിലിപ്പീൻസ് പ്രതിരോധ സേനകളിലെ അംഗങ്ങളും നിലവിൽ മനിലയിലുള്ള ഇന്ത്യൻ തീരസംരക്ഷണ കപ്പലായ സമുദ്ര പഹെരദറിലെ ഇന്ത്യൻ സമൂഹ അംഗങ്ങളും പങ്കെടുത്ത ഒരു ചടങ്ങിനെ വിദേശകാര്യ മന്ത്രി അഭിസംബോധന ചെയ്തു.

5. വിദേശകാര്യ മന്ത്രിയുടെ സന്ദർശനം നിലവിലുള്ള സഹകരണങ്ങൾ അവലോകനം ചെയ്യാനും ഇന്ത്യയും ഫിലിപ്പൈൻസും തമ്മിലുള്ള വർദ്ധിച്ചുവരുന്ന ഉഭയകക്ഷി ബന്ധങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകുന്നതിനും അവസരമൊരുക്കി.

**മനില**
**മാർച്ച് 27, 2024**